**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2271** **20-01-2021 - ൽ മറുപടിയ്ക്ക്**

**പ്രാചീന സ്മാരകങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി വീണാ ജോർജ്ജ് ,<br>ശ്രീ കെ.വി.അബ്ദുൾ ഖാദർ | | Shri .Ramachandran Kadannappalli<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്മാരകങ്ങളെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച സ്മാരക ങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു . 1. വിഴിഞ്ഞം ശിലാക്ഷേത്രം, തിരുവനന്തപുരം (അന്തിമവിജ്ഞാപനം) 2. വാഴവേലിൽ തറവാട് വീട്, പത്തനംതിട്ട (പ്രാഥമിക വിജ്ഞാപനവും, അന്തിമവിജ്ഞാപനവും) 3. മാന്നാർ തൃക്കുരട്ടി മഹാദേവക്ഷേത്രം, ആലപ്പുഴ (അന്തിമ വിജ്ഞാപനം) 4. മറയൂർ മുനിയറകൾ, ഇടുക്കി (അന്തിമ വിജ്ഞാപനം) 5. എരട്ടച്ചിറ കോവിലകം, തൃശ്ശൂർ (അന്തിമ വിജ്ഞാപനം) 6. മാളയിലെ യഹൂദ സ്മാരകങ്ങൾ, തൃശ്ശൂർ (പ്രാഥമിക വിജ്ഞാപനവും, അന്തിമവിജ്ഞാപനവും) 7. സി.എസ്.ഐ സെന്റ് ജോൺസ് ഇംഗ്ലീഷ് ചർച്ച്, കണ്ണൂർ (അന്തിമ വിജ്ഞാപനം) 8. മാനാഞ്ചിറ ശ്രീ ഭദ്രകാളീക്ഷേത്രം, മുതലക്കുളം, കോഴിക്കോട്. (പ്രാഥമിക വിജ്ഞാപനവും, അന്തിമവിജ്ഞാപനവും) 9. പഴയ ജയിൽ മന്ദിരം, പാണാപ്പുഴ, കണ്ണൂർ (പ്രാഥമിക വിജ്ഞാപനവും, അന്തിമവിജ്ഞാപനവും) 10. ഡോ. പൽപ്പുവിന്റെ ജന്മഗൃഹം (അന്തിമ വിജ്ഞാപനം) 11. GVHSS പയ്യാമ്പലം, കണ്ണൂർ. (പ്രാഥമിക വിജ്ഞാപനവും, അന്തിമവിജ്ഞാപനവും) 12. സെന്റ് റാഫേൽസ് ചർച്ച് , എഴുപുന്ന ആലപ്പുഴ (അന്തിമ വിജ്ഞാപനം) 13. ഇളയിടത്തു വലിയ കോയിക്കൽ കൊട്ടാരം (പ്രാഥമിക വിജ്ഞാപനം) 14. കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (പ്രാഥമിക വിജ്ഞാപനം) 15. ഓച്ചിറ വലിയ കുളങ്ങര ക്ഷേത്ര കളിത്തട്ടുകൾ (പ്രാഥമിക വിജ്ഞാപനം) 16. ആറ്റിങ്ങൽ കൊട്ടാരം, തിരുവനന്തപുരം. (പ്രാഥമിക വിജ്ഞാപനം) |
| (ബി) | കേരള പ്രാചീനസ്മാരക പുരാവസ്തു സങ്കേത | (ബി) | കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത |

| | | | |
|---|---|---|---|
| | പുരാവശിഷ്ട നിയമപ്രകാരം കൂടുതൽ ചരിത്രസ്മാരകങ്ങൾ കണ്ടെത്തുന്നതിനും അവയെ സംരക്ഷിതസ്മാരകങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | | പുരാവശിഷ്ട നിയമത്തിന്റെ പരിധിയിൽ കൂടുതൽ സ്മാരക ങ്ങളെ സംരക്ഷിത സ്മാരകങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തുന്ന നടപടി പുരാവസ്തു വകുപ്പ സ്വീകരിച്ച വരുന്നു . |
| (സി) | നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃകനിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തുന്നതിന് നവീനവും ശാസ്ത്രീയവുമായ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിന്റെയും അതിന്റെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ചരിത്രപരമോ പുരാതത്ത്വപരമോ കലാശില്പപരമോ ആയ പ്രത്യേകതകൾ ഉള്ളതും നൂറ് വർഷത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളു മാണ് പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് പരിപാലിച്ച് വരുന്നത്. പുരാവസ്തു വകുപ്പിൽ നിർമ്മിതി സംരക്ഷണ വിഭാഗം, രാസസംരക്ഷണ വിഭാഗം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളാണ് ചരിത്ര പൈതൃക ശേഷിപ്പുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. സംരക്ഷിത സ്മാരകങ്ങളുടെ കാലിക മായ പരിശോധനകൾ നടത്തുകയും ജീർണ്ണത ബാധിക്കുന്നതായി മനസ്സിലാക്കുന്ന സന്ദർഭത്തിൽ അവ പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയുമാണ് ചെയ്യുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃക നിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തുക എന്നതാണ് വകുപ്പിന്റെ സംരക്ഷണ നയം. നിലവിൽ 185 സംരക്ഷിത സ്മാരകങ്ങൾ വകുപ്പിന്റെ പട്ടികയിൽ ഉണ്ട്. ഓരോ സ്മാരകത്തിന്റെയും പ്രത്യേകതകൾ അനുസരിച്ചുള്ള സമീപനങ്ങളാണ് നിർമ്മിതി സംരക്ഷണത്തിന്റെ കാര്യത്തിൽ വകുപ്പ് സ്വീകരിക്കുന്നത്. പരമ്പരാഗത മാർഗ്ഗങ്ങൾ ഉപയോഗിക്കേണ്ടിടത്ത് അവ പ്രയോജനപ്പെടുത്തിയും നവീന രീതികൾ അവലംബിക്കേണ്ടതായ ഇടങ്ങളിൽ അവ ഉപയോഗപ്പെടുത്തിയുമുള്ള പ്രവൃത്തികളാണ് നിർവ്വഹിക്കുന്നത്. സംരക്ഷിത സ്മാരകങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് വളരെ ശാസ്ത്രീയമായും, ആവശ്യമായ സമയം ഉപയോഗപ്പെടുത്തി സൂക്ഷ്മമായുമാണ് ഓരോ പ്രവർത്തിയും നിർവ്വഹിക്കുന്നത്. രാസസംരക്ഷണത്തിൽ പ്രിവന്റീവ് കൺസർവേഷൻ രീതികളാണ് വകുപ്പ് മുഖ്യമായും സ്വീകരിക്കുന്നത്. സ്മാരകങ്ങൾക്ക് ജീർണ്ണത ബാധിക്കാതിരിക്കാനുള്ള മുൻകരുതലുകളാണ് ഇതിൽ പ്രധാനം. ദൈനംദിന പരിരക്ഷ നൽകാൻ കഴിയുന്ന അത്രയും സ്മാരകങ്ങൾക്ക് അത് നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്മാരകങ്ങളെ ജീർണ്ണിപ്പിക്കുന്ന ചെറുതരം ജീവികളെയും ചിതലി |

| | | | |
|---|---|---|---|
| | | | നെയും മറ്റും തടയുന്നതിന് കൃത്യമായ ഇടവേളകളിൽ സ്മാരകങ്ങൾക്ക് രാസസംരക്ഷണം നടത്തുന്നു. |

സെക്ഷൻ ഓഫീസർ